(ഡി) ഇതിൽ ഒരു ലക്ഷവും അതിലധികവും കുടിശ്ശിക വരുത്തിയവരുടെ പേരു വിവരവും സ്ഥാപനത്തിന്റെ പേരു വിവരവും വ്യക്തമാക്കുമോ;

(ഇ) ഈ സംഖ്യ പിരിച്ചെടുക്കുവാൻ തീവ്രയത്ന പരിപാടികം എടുക്കുമോ?

ഉത്തരം

(എ) വരുന്ന വർഷം പുതിയ ആശുപത്രികം തുറക്കുവാൻ ഇപ്പോം പരിപാടിയില്ല.

(ബി) നിലവിലുള്ള ഈ.എസ്.ഐ. ആശുപത്രികം മൂന്നു ലക്ഷത്തി നാൽപത്തീരായിരം (3,42,000) തൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്നുണ്ട്.

(സി) ഒരുകോടി പതിനെട്ടു ലക്ഷത്തിഅറുപത്തീരായിരത്തി അഞ്ഞൂററി മുപ്പത്തിയേഴു രൂപാ നാൽപ്പത്തിരണ്ടു പൈസ (രൂപ 1,18,62,537.42)

(ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ഇക്കാര്യം പരിഗണിക്കാം.

ചാത്തൻ ചിറ ഇറിഗേഷൻ പദ്ധതി

1072 [1712] ശ്രീ. കെ.എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സ്വദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഡിസ്ട്രിക്ടിൽപെട്ട വടക്കാഞ്ചേരിയിൽ ചാത്തൻ ചിറ എന്ന ഇറിഗേഷൻ പദ്ധതിയുടെ പണി എന്തായി;

(ബി) ഈ പണി നടപ്പിലാക്കേണ്ട സ്ഥലം ഇപ്പോം കുടിയേറക്കാർ കയ്യേറിയതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉടനടി അവരെ അവിടെനിന്നും ഒഴിപ്പിച്ച് ഇറിഗേഷൻ പദ്ധതിയുടെ പണികം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ പദ്ധതിക്ക് 8.42 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറിന് 1970 മാർച്ചിൽ ഭരണ അനുമതി നൽകിയിരുന്നു. എന്നാൽ ചെലവ് നിശ്ചിത സാമ്പത്തിക പരിധിയുടെ ഏകദേശം രണ്ടിരട്ടിയാകുമെന്ന് കണ്ടതിനാൽ 1972 മാർച്ചിൽ നേരത്തെ കൊടുത്ത അനുമതി റദ്ദാക്കുകയുണ്ടായി.

(ബി) ഉണ്ട്.

(സി) കുടിയേറക്കാരെ മുഴുവൻ ഒഴിപ്പിച്ചു കഴിഞ്ഞു. പദ്ധതിക്കുള്ള എസ്റ്റിമേറ് നിശ്ചിത സാമ്പത്തിക പരിധിക്കുള്ളിൽ വരത്തക്കവണ്ണം പുതുക്കി തയ്യാറാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള എസ്റ്റിമേറ് ലഭിച്ചാലുടൻ അംഗീകരിച്ച പണികം തുടങ്ങുവാനുള്ള നടപടികം സ്വീകരിക്കുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ, ചോദ്യോത്തര സമയം കഴിഞ്ഞു.

*അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly